അട്ടപ്പാടിയിൽ അഹാഡ്സ് നാളിതുവരെ നടപ്പാക്കിയ പദ്ധതി

182 (1652) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ അഹാഡ്സ് നാളിതുവരെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് അസോസിയേറ്റ് നടത്തിയ പഠനറിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്താണെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അട്ടപ്പാടിക്കുശേഷം വയനാട്ടിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് എന്ത് തുക വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇത് ഏത് ഏജൻസിയുടെ ധനസഹായത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) വയനാട് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്

1. തദ്ദേശവാസികളുടെ സാമൂഹിക വിഭവ കഴിവുകൾ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തി

2. സാമൂഹിക മൂലധനത്തിൽ നിന്നും പാരിസ്ഥിതിക മൂലധനത്തിലേക്ക് പദ്ധതി വളർത്തി.

3. സാമൂഹികവും രാഷ്ട്രീയവുമായ അധികാര വികേന്ദ്രീകരണം സാദ്ധ്യമാക്കി

4. ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമായ സൂക്ഷ്മാസൂത്രണം സാധ്യമാക്കി.

5. വികസന പ്രക്രിയ സാധാരണ ജനങ്ങളെക്കൊണ്ടും സാധിക്കുമെന്ന് തെളിയിച്ചു.

6. വളരെ പ്രതികൂല സാഹചര്യത്തിലും പദ്ധതി നടപ്പാക്കാനുള്ള രീതിശാസ്ത്രം പ്രാവർത്തികമാക്കി.

7. സുതാര്യവും അഴിമതി രഹിതവുമായി പദ്ധതി നിർവ്വഹണം നടത്താനും പദ്ധതി പ്രവർത്തനഫലമായി അട്ടപ്പാടി മേഖലയിൽ പരിസ്ഥിതി പുനഃസ്ഥാപനം സാദ്ധ്യമാക്കാനും തദ്ദേശീയവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും പട്ടികവർഗ്ഗക്കാർക്കിടയിൽ പ്രത്യേകിച്ചും സ്ത്രീകൾക്കിടയിൽ നേതൃത്വശേഷി ആർജിക്കുവാനും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും കഴിഞ്ഞു.

പഠന റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട്ടിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ കരട് രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 1042 കോടി രൂപ. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായം തേടാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതിയുടെ കരട് രൂപരേഖ സർക്കാർ പരിശോധിച്ച് വരികയാണ്. മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ചിട്ടില്ല.

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ പുനരുദ്ധാരണം നടത്തിയ റോഡുകൾ

183 (1653) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ 2006 മുതൽ 2011 ജനുവരി 31 വരെ പുനരുദ്ധാരണം നടത്തിയ റോഡുകളും, അവയ്ക്ക് അനുവദിച്ച തുകയും ബ്ലോക്ക് തലത്തിൽ വെളിപ്പെടുത്തുമോ ;

(ബി) 2006-11 കാലയളവിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം മലപ്പുറം മണ്ഡലത്തിൽ മാത്രം ഏതെല്ലാം പദ്ധതികളാണ് ശിപാർശ ചെയ്തതെന്നും അവയുടെ പുരോഗതിയും അറിയിക്കുമോ ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ;

(ഡി) ഇനിയും പൂർത്തീകരിക്കാത്ത റോഡുകളുടെ പുനരുദ്ധാരണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ 2006 -2011 ജനുവരി വരെ പുനരുദ്ധാരണം നടത്തിയ റോഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) 2006-2011 കാലയളവിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

(ഡി) മലപ്പുറം മണ്ഡലത്തിൽ ഇനിയും പൂർത്തിയാക്കുവാനുള്ള തോട്ടശ്ശേരിയറ പട്ടപ്പൊന്ത എന്ന പ്രവൃത്തി 2011 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly